## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 219 18.03.2013-ൽ മറുപടി

### മാവോയിസ്റ്റ് ഭീഷണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ എ. റ്റി. ജോർജ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) മാവോയിസ്റ്റ് ഭീഷണിയുമായി ബന്ധപ്പെട്ട് കാസറഗോഡ്, കണ്ണൂർ, വയനാട്, ജില്ലകളിൽ പ്രത്യേക സുരക്ഷ ആവശ്യമാണെന്ന് കണ്ട പോലീസ് സ്റ്റേഷനുകളിൽ അതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുകയും പ്രത്യേക മുൻകരുതൽ/സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്രമീകരണങ്ങൾ എ.ഡി.ജി.പി. (ഇന്റലിജൻസ്), എ.ഡി.ജി.പി. (ഉത്തര മേഖല), ഐ.ജി. പി. (കണ്ണൂർ റേഞ്ച്) എന്നിവർ മേൽനോട്ടം നടത്തുന്നുണ്ട്. തീവ്രവാദ ഭീഷണികൾ നേരിടുന്നതിന് കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് (KATS) എന്ന പ്രത്യേക സുരക്ഷാ സേന രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. |
| ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡ് (KATS) എന്ന പ്രത്യേക സുരക്ഷാ സേന രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. |
| സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) ഒറ്റപ്പെട്ടു സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളുടെ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. പോലീസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സംയുക്ത ആഭിമുഖ്യത്തിൽ വനപ്രദേശങ്ങളിൽ പരിശോധന നടത്തിവരുന്നു. വനമേഖലയിലെ സംശയാസ്പദമായ നീക്കങ്ങളും പ്രവർത്തനങ്ങളും വന ജാഗ്രതാ സമിതികളിലെ അംഗങ്ങളുടെ സഹായത്താൽ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. |
| ഡി) ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) വനജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ